ഉത്തരം

(എ) കാസർഗോഡ് ഐ.ടി.സി. എന്ന പേരിൽ ഒരു സ്ഥാപനം നിലവിലില്ല. എന്നാൽ കാസർഗോഡ് ഐ.ടി.ഐ.യിൽ ഇലക്ട്രീഷ്യൻ, എം.എം.വി., സർവ്വേയർ, ഡി./സിവിൽ, സ്റ്റെനോ (ഇംഗ്ലീഷ്) എന്നീ ട്രേഡുകളിൽ പരിശീലനം നൽകുന്നുണ്ട്.

(ബി) സർക്കാരിൽ നിന്നുള്ള 28-9-2004-ലെ ജി.ഒ. (എംഎസ്.) 53/04/തൊഴിൽ നമ്പർ ഉത്തരവുപ്രകാരം കാസർഗോഡ് ഐ.ടി.ഐ.യെ ഒന്നാംനിര ഐ.ടി.ഐ. ആക്കി ഉയർത്തുകയും പുതുതായി 39 തസ്തികകൾ സൃഷ്ടിക്കുകയും ആറ് ദീർഘകാല കോഴ്സുകളും നാല് ഹ്രസ്വകാല കോഴ്സുകളും ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

തൊഴിൽ തർക്ക കേസ്സുകൾ

49 [3563] *ശ്രീ. എ. എ. അസീസ്:*

,, *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര തൊഴിൽ തർക്ക കേസ്സുകൾ ഏതെല്ലാം കോടതികളിൽ നടന്നുവരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ബി) കേസ്സുകൾ സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ എന്ത് നിർദ്ദേശമാണ് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ 4 ലേബർ കോടതികളിലായി 1307-ഉം, 5 ഇൻഡസ്ട്രിയൽ ട്രിബ്യൂണലുകളിലുമായി 871 തൊഴിൽ തർക്കങ്ങളും നിലവിലുണ്ട്.

(ബി) & (സി) കോടതികളിലേക്ക് അഡ്ജ്യൂഡിക്കേഷനുവേണ്ടി തൊഴിൽ തർക്കം റഫർ ചെയ്യുന്ന സർക്കാർ ഉത്തരവിൽതന്നെ കേസ് 3 മാസത്തിനകം തീർപ്പുകൽപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

കെ. എസ്. ആർ. ടി. സി.യുടെ ഭരണസംവിധാനം ശക്തിപ്പെടുത്താൻ നടപടി

50 [3564] *ശ്രീ. എ. സി. മൊയ്തീൻ:*

,, *എം. പ്രകാശൻ മാസ്റ്റർ:*

,, *മത്തായി ചാക്കോ:*

,, *വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ ഭരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനും, വാഹന വ്യൂഹത്തിന്റെ ഉപയുക്തത വർദ്ധിപ്പിക്കുന്നതിനും എന്തെങ്കിലും നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 10 വർഷത്തിലധികം പഴക്കമുള്ള എത്ര ബസ്സുകൾ കെ.എസ്.ആർ.ടി.സി.ക്ക് ഉണ്ട്; അവയിൽ സർവ്വീസ് നടത്തുന്നവ എത്ര;

(സി) കെ.എസ്.ആർ.ടി.സി. പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി സർക്കാർ കൂടുതൽ മൂലധനനിക്ഷേപം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.യുടെ ഭരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി നിരവധി നടപടികൾ സ്വീകരിച്ചുവരികയാണ്. പുതിയ ബസ്സുകൾ നിരത്തിലിറക്കിയും റിപ്പയറിനായി പിടിച്ചിരിക്കുന്ന ബസ്സുകളെല്ലാംതന്നെ സമയബന്ധിതമായി റിപ്പയർ ചെയ്തു നിരത്തിലിറക്കിയും വാഹന വ്യൂഹത്തിന്റെ ഉപയുക്തത വർദ്ധിപ്പിച്ചു വരികയാണ്. കൂടാതെ ഡ്രൈവർമാരുടെയും കണ്ടക്ടർമാരുടെയും കുറവു മൂലം ഉണ്ടാകുന്ന ക്യാൻസലേഷൻസ് ഒഴിവാക്കുന്നതിനായി എംപാനലിംഗ് ഉൾപ്പെടെയുള്ള നടപടികൾ മുഖാന്തിരം നിയമനം നടത്തി ബസ്സുകളുടെ ഉപയുക്തത വർദ്ധിപ്പിച്ചുവരികയാണ്. ഇതിന്റെയൊക്കെ ഫലമായി 76% ഉണ്ടായിരുന്ന ഉപയുക്തത ഇപ്പോൾ 85% വരെയായി വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) 10 വർഷവും അതിലധികവും പഴക്കമുള്ള 859 ബസ്സുകൾ നിലവിലുണ്ട്. ഈ ബസ്സുകൾ എല്ലാംതന്നെ സർവ്വീസ് നടത്തുന്നതിന് യോഗ്യമാണ്.

(സി) ഉണ്ട്.

(ഡി) തൽക്കാലം ഉദ്ദേശിക്കുന്നില്ല.

കെ. എസ്. ആർ. ടി. സി. ബസ് സ്റ്റാന്റുകളിലെ പേ ആന്റ് യൂസ് ടോയ്‌ലറ്റുകളിൽ നിന്നുള്ള വരുമാനം

51 [3565] *ശ്രീ. എ. സി. മൊയ്തീൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ ഏതെല്ലാം ബസ്സ് സ്റ്റേഷനുകളിലാണ് ടോയ്‌ലറ്റുകൾ ടൂറിസം വകുപ്പിന്റെ സഹായത്തോടെ നവീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ ടോയ്‌ലറ്റുകൾ പണം കൊടുത്ത് ഉപയോഗിക്കുക എന്ന സമ്പ്രദായമനുസരിച്ചുള്ളവയാണോ;

(സി) ഇവ ആരാണ് നടത്തുന്നത് എന്നും ഇവയിൽ നിന്നും കെ.എസ്.ആർ.ടി.സി.ക്ക് എത്ര സംഖ്യ ലഭിക്കുന്നു എന്നും വ്യക്തമാക്കുമോ;

(ഡി) നവീകരണ പ്രവർത്തനം നടത്തുന്നതിനുമുമ്പ് ഇവിടെ നിന്നുള്ള ടെണ്ടർ അനുസരിച്ചുള്ള പ്രതിവർഷ വരുമാനം എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly